# നടുമുറ്റങ്ങളൊരുക്കാം

**മഹിളാചന്ദ്രിക ,നവംബർ, 2015**

കേരളീയ ശൈലിയിലായാലും അല്ലെങ്കിലും ഇന്ന് ഏതൊരു വീടിൻറെയും അകത്തളങ്ങളെ ആകർഷകമാക്കുന്ന ഘടകങ്ങളിൽ ഒന്നാണ് നടുമുറ്റങ്ങൾ. അനിർവ്വചനീയമായ അനുഭൂതി തന്നെയാണ് ഗൃഹാതുരത്വം ഉണർത്തുന്ന ഈ നിർമ്മിതി വീടിനും വീട്ടുകാർക്കും സമ്മാനിക്കുന്നത്. പഴയ തനതു ശൈലിയിൽ നിന്നും മാറ്റം വന്നുവെങ്കിലും വളര ആകർഷകമായി, പ്രയോജനകരമായി ആധുനിക വീടുകളിലെ സജീവ സാന്നിദ്ധ്യമായി മാറിയിരിക്കുന്നു നവ നടുമുറ്റങ്ങൾ അഥവാ കോർട്ട് യാർഡുകൾ (Courtyards )

അകത്തളങ്ങളുടെ മോടി കൂട്ടുക എന്നതിനപ്പുറമുള്ള ശാസ്ത്രീയ വശങ്ങളുണ്ട് ഓരോ കോർട്ട് യാർഡിനും. പ്രകൃതിയുടെ പോസിറ്റീവ് എനർജിയെ, ഉന്മേഷദായകമായ വെളിച്ചത്തെ വീടിനുള്ളിലേക്ക് ആവശ്യപ്രകാരം കൊണ്ട് ഉള്ളിലെ ജീവിതത്തിനു മാറ്റും പ്രസരിപ്പും നൽകുക എന്ന പരമ ദൗത്യമാണ് യഥാർത്ഥത്തിൽ കോർട്ട് യാർഡുകൾ നിർവ്വഹിച്ചു കൊണ്ടിരിക്കുന്നത്. അകത്തളങ്ങളിൽ ഫോയർ,ഡൈനിങ്ങ്, ലിവിങ്ങ് റൂം എന്നീ കോമണ് സ്പേസുകളിലേക്ക് കൂടുതൽ വെളിച്ചം നൽകാൻ പാകത്തിൽ അനുയോജ്യമായി ആണ് ഇവ സംവിധാനിക്കേണ്ടത്. എല്ലാ ഏരിയകളിൽ നിന്നും കാണാനും ആസ്വദിക്കാനും പാകത്തിൽ ഫാമിലി ലിവിങ്ങിലോ ഫോയർ സ്പേസിലോ ആയിട്ടാണ് ഇവ സാധാരണ കണ്ടു വരാറുള്ളത്.

ആത്യന്തികമായ ലക്ഷ്യങ്ങൾ ഒന്നാണെങ്കിലും പല രീതികളിലും ഭാവങ്ങളിലുമാണ് ഇന്ന് കോർട്ട് യാർഡുകൾ നമ്മുടെ വീടകങ്ങളിൽ സ്ഥാനമുറപ്പിച്ചു വരുന്നത്. പഴയ കേരളത്തനിമയിൽ വീടിനുൾഭാഗത്തും വീടിനോട് ചാരി പുറത്തു മുൻഭാഗങ്ങളിലുമൊക്കെ വീടിൻറെ ഡിസൈൻ ശൈലിക്കനുയോജ്യമായി ഇവ രൂപകൽപന ചെയ്യാറുണ്ട്. മഴയുടെ സകല സൗന്ദര്യവും ആസ്വദിക്കാൻ പാകത്തിൽ തികച്ചും നാച്ചുറലായും

ഫസ്റ്റ് ഫ്ലോറിൽ നിന്നും താഴേക്കു വ്യൂ കിട്ടുന്ന രീതിയിൽ ഡബിൾ ഹൈറ്റിലുമൊക്കെ സംവിധാനിക്കാറുണ്ട് ഇവ. താഴെ നിലയിൽ പരമാവധി വെളിച്ചത്തിനും കാറ്റിനും സാധ്യത നൽകി കോർട്ട് യാർഡുകൾ ചെയ്യുന്നതാണ് നല്ലത്. ശരാശരിയിലും വലിയ വീടുകളിൽ വെളിച്ചത്തിൻറെ ലഭ്യതയ്ക്ക് വേണ്ടി ഒന്നിൽ കൂടുതൽ കോർട്ട് യാർഡുകളും നൽകി വരാറുണ്ട്.

ഡിസൈൻ കോണ്സെപ്റ്റിനനുസരിച്ചു വ്യത്യസ്ഥ മെറ്റീരിയലുകളാണ് കോർട്ട് യാർഡുകളിൽ ഉപയോഗിക്കാറുള്ളത്. നാച്ചുറൽ ഇൻഡോർ ചെടികൾ(NATURAL INDOOR PLANTS), ഡ്രൈ റൂട്ടുകൾ(DRY ROOTS), അനുയോജ്യമായ വുഡ് സ്റ്റിക്കുകൾ(WOOD STICKS) എന്നീ വ്യത്യസ്ഥ മെറ്റീരിയലുകൾ കൊണ്ടൊക്കെ കോർട്ട് യാർഡുകൾ അലങ്കരിക്കാവുന്നതാണ്. കൂടാതെ ലെതർ ഫിനിഷ് മാർബിളുകൾ(LEATHER FINISH MARBLES), ക്ലേ ടൈലുകൾ(CLAY TILES), വുഡ്, പെബിൾസ്, ആർട്ടിഫിഷ്യൽ ഗ്രാസ്സ് എന്നിവ ഉപയോഗിച്ചും ആകർഷകമായി ഫ്ലോറുകളും ചിട്ടപ്പെടുത്താവുന്നതാണ്. കുട്ടികൾക്കൊക്കെ ഇറങ്ങി കളിക്കാൻ പാകത്തിൽ മണൽ തരികൾ വിരിച്ചും നിലമൊരുക്കാറുണ്ട് ചിലയിടങ്ങളിൽ. കൂടാതെ, കോർട്ട് യാർഡിൻറെ ഒരു വശം ചുമരാണെങ്കിൽ ക്ലാഡിങ് സ്റ്റോണുകൾ(CLADDING STONES), വുഡൻ പാനലിങ്ങോ(WOODEN PANELING) ഉപയോഗിച്ച് ചുമർ ഭാഗം അറേഞ്ചു ചെയ്യാം. ചുരുക്കത്തിൽ, ആകർഷകവും സൗകര്യപ്രദവുമായി, ആവശ്യത്തിനു കാറ്റും വെളിച്ചവും കിട്ടുന്ന രീതിയിൽ, ഡിസൈൻ കോണ്സെപ്റ്റിനനുയോജ്യമായി വീടകത്തിന്റെ മുഴുവൻ ഭംഗിയും ആസ്വദിക്കാൻ പറ്റുന്ന രീതിയിലാണ് ഈ നടുമുറ്റങ്ങൾ അലങ്കരിക്കേണ്ടത്.